ഘാനിസ്ഥാനിൽ റഷ്യൻ സാന്നിദ്ധ്യം വിയററ്നാമിനു് സോവിയററ് യൂണിയൻ നൽകുന്ന സഹായം മംഗോളിയയിൽ റഷ്യൻ സേനയുടെ വിന്യാസം—ഓരോന്നായി നീങ്ങിക്കൊണ്ടിരിക്കുകയാണു്.

ലോകത്തിലെ വ്യാവസായിക രാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്തിക്കഴിഞ്ഞ ജപ്പാനു് സോവിയററ് യൂണിയനുമായുള്ള സാമ്പത്തികബന്ധങ്ങൾ ശക്തിപ്പെടുത്താനാഗ്രഹമുണ്ടു്. പട്ടാളശക്തി വർദ്ധിപ്പിക്കാതെ ജപ്പാൻ വ്യാവസായിക രംഗത്തു് ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണു് ഗോർബച്ചേവ് പറയുന്നതു്. പാസിഫിക് പ്രദേശത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ചു് അമേരിക്ക ഏറെറടുത്തിട്ടുള്ള ബാദ്ധ്യതയിൽ ഒരു പങ്കുവഹിക്കുകയെന്നപേരിൽ സ്വന്തം സൈനികശക്തി ജപ്പാൻ വർദ്ധിപ്പിക്കുന്നതിൽ ഗോർബച്ചേവിനു് ആശങ്കയുണ്ടു്. ഇപ്പോൾ റഷ്യയുടെ കൈവശമുള്ള നാലു് തെക്കൻ കുറെൽ ദ്വീപുകളുടെമേൽ ജപ്പാൻ അവകാശം ഉന്നയിക്കുന്നുണ്ടു്. ഇത്തരം വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ജപ്പാനും സോവിയററ് യൂണിയനും തമ്മിൽ സഹകരണത്തിന്റെ മേഖലകൾ അടുത്തകാലത്തു് കൂടുതൽ വിപുലങ്ങളായിക്കൂടെന്നില്ല.

ഇതൊന്നും കണ്ടില്ലെന്നുവെക്കാൻ അമേരിക്കയ്ക്കു് കഴിയുകയില്ല. ഇന്ത്യ സ്വന്തം നാവികശക്തി വർദ്ധിപ്പിക്കുന്നതിനെതിരായി ഗോർബച്ചേവ് ഒന്നും പറഞ്ഞിട്ടില്ല. എന്നാലും അതിനു് തടസ്സമുണ്ടാക്കുന്നവയാണു് ഗോർബച്ചേവിന്റെ ചില നിർദ്ദേശങ്ങൾ. ഏഷ്യ-പാസിഫിക് പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൂടിയാലോചനകൾ അമേരിക്കയും ചൈനയും സോവിയററ് യൂണിയനും ചേർന്നു് ആരംഭിക്കുകയെന്ന നിർദ്ദേശവും ഇന്ത്യയ്ക്കു് സ്വീകാര്യമായേക്കുകയില്ല. കാരണം, ഇത്തരമൊരു കൂടിയാലോചനയിൽ ഇന്ത്യയുടെ സാന്നിദ്ധ്യം അനുപേക്ഷണീയമാണെന്ന ധാരണ ഇന്ത്യയ്ക്കുണ്ടു്.

വിശദാംശങ്ങളിൽ ചർച്ചചെയ്യപ്പെടേണ്ട പലതുമുണ്ടെങ്കിലും ഏഷ്യ-പാസിഫിക് പ്രദേശത്തു് സമാധാനം പുലർത്തുന്നതിനുള്ള ഗോർബച്ചേവിന്റെ നിർദ്ദേശങ്ങൾ തീർച്ചയായും ലോക നയതന്ത്രത്തിൽ ധീരമായ ഒരു പുതിയ കാൽവെപ്പാണു്. ഈ നിർദ്ദേശങ്ങളെപ്പററി വ്യാപകങ്ങളായ ചർച്ചകൾ എല്ലാ രാഷ്ട്രങ്ങളിലും നടക്കേണ്ടതുണ്ടു്.

സുദീർഘമായ ക്രാസ്നോയാർസ്ക് പ്രസംഗം ഗോർബച്ചേവ് ഉപസംഹരിച്ചതു് ഇങ്ങനെയാണു്:

'ഈ ഗോളത്തിന്റെ ഓരോ പ്രഭാതവും കിഴക്കു് ആരംഭിക്കുന്നു. ആലങ്കാരികമായി പറഞ്ഞാൽ ഓരോ പ്രഭാതവും പിറക്കുന്നതു് ഇവിടെനിന്നു് ഏറെ ദൂരെയല്ലാത്ത ശാന്തസമുദ്രത്തിന്റെ അലകളിലാണു്.'

സമാധാനത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു പുതിയ ലോകക്രമത്തിന്റെ പ്രഭാതം ശാന്തസമുദ്രത്തിന്റെ അലകളിൽ പിറന്നുകൂടെന്നില്ല.

(24 ഒക്ടോബർ, 1988)

# 6. ഗോർബച്ചേവ് രണ്ടാമതും ഇന്ത്യയിൽ

1986 നവംബറിൽ സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ മിഖായിൽ ഗോർബച്ചേവ് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ആ സന്ദർശനത്തിനിടയിൽ, നവംബർ 27-ാം തീയതി ഗോർബച്ചേവും ഇന്ത്യയിലെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയും ഒപ്പിട്ട ദില്ലി പ്രഖ്യാപനം അന്താരാഷ്ട്രബന്ധങ്ങളിൽ നീതിനിഷ്ഠമായ ഒരു പുനസ്സംവിധാനത്തിനു് ആവശ്യപ്പെടുന്ന സുപ്രധാനമായ ഒരു രേഖയായിരുന്നു. അതിന്റെ ഒരു പൂരകം എന്ന നില

ല്ലാണു പൂർണ്ണമായ അണു—ആയുധ നിരോധത്തിനുള്ള ഒരു ക്രമബദ്ധപദ്ധതി ഐക്യരാഷ്ട്രസംഘടനയിൽ പിന്നീട് രാജീവ്ഗാന്ധി അവതരിപ്പിച്ചതു്.

ഇന്ത്യാഗവണ്മെന്റ് സ്ഥാപിച്ചിട്ടുള്ള 'ഇന്ദിരാഗാന്ധി സമാധാനസമ്മാനം' സ്വീകരിക്കുന്നതിനുവേണ്ടി 1988 നവംബർ 18—ാം തീയതി രണ്ടാമത്തെ തവണ ഇന്ത്യയിൽ വന്നപ്പോൾ സോവിയറ്റ് യൂനിയന്റെ പ്രസിഡണ്ട് എന്ന പദവികൂടി ഗോർബച്ചേവ് വഹിച്ചിരുന്നു. ഇന്ത്യയിൽ ചെലവഴിച്ച മൂന്നു ദിവസങ്ങളിൽ ഗോർബച്ചേവ് സുപ്രധാനങ്ങളായ പല ചടങ്ങുകളിലും പങ്കെടുക്കുകയും ഇന്ത്യാപ്രധാനമന്ത്രിയുമായി ഗൗരവമേറിയ പല പ്രശ്നങ്ങളെപ്പറ്റി കൂടിയാലോചിക്കുകയുംചെയ്തു. പല വേദികളിൽ ഗോർബച്ചേവ് ചെയ്ത പ്രസംഗങ്ങൾ സോവിയറ്റ് യൂനിയന്റെ നയപരിപാടികളിലേയ്ക്കെന്നപോലെ, സമാധാനത്തിനും പുരോഗതിക്കുംവേണ്ടി മനുഷ്യവർഗം ഭാവിയിൽ അവലംബിക്കേണ്ട പ്രായോഗികമാർഗത്തിലേക്കും വ്യക്തമായ വെളിച്ചം വീശുന്നവയായിരുന്നു.

സോവിയറ്റ് ഗവണ്മെന്റും ഇന്ത്യാഗവണ്മെന്റും തമ്മിൽ ആറു കരാറുകൾ ഈ സന്ദർഭത്തിൽ ഒപ്പുവെക്കപ്പെട്ടു. അണു—വൈദ്യുതി വികസനത്തിൽ സോവിയറ്റ് യൂനിയനും ഇന്ത്യയും തമ്മിൽ സഹകരിക്കുന്നതിനു വ്യവസ്ഥചെയ്യുന്ന പരമപ്രധാനമായ കരാറിൽ ഒപ്പിട്ടതു് ഗോർബച്ചേവും രാജീവ്ഗാന്ധിയുമാണ്. ബാഹ്യാന്തരീക്ഷം സംബന്ധിച്ച ഗവേഷണപഠനങ്ങളിൽ ഇരുരാജ്യങ്ങളുടെയും സഹകരണത്തിന് ഏർപ്പാടുചെയ്യുന്നതാണ് മറ്റൊരു കരാർ. രണ്ടു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരത്തിൽ ഇരട്ടനികുതി ചുമത്തുന്നതു് ഒരു കരാർമൂലം ഒഴിവാക്കിയിരിക്കുന്നു. മറ്റൊരു കരാറിന്റെ വിഷയം അടുത്ത ഒരാണ്ടിൽ ഇന്ത്യയും സോവിയറ്റ് യൂനിയനും തമ്മിൽ നടക്കുന്ന സാംസ്കാരിക—ശാസ്ത്രീയ—വിദ്യാഭ്യാസ വിനിമയങ്ങളാണ്. വിന്ധ്യാചൽ തെർമൽ പവർ സ്റ്റേഷനുള്ള സോവിയറ്റ് സഹായം, സാമ്പത്തിക—സാങ്കേതികരംഗങ്ങളിൽ പരസ്പര സഹകരണം എന്നിവയെ സംബന്ധിച്ചതാണ് ഇനി രണ്ടു കരാറുകൾ. അവസാനം പറഞ്ഞ കരാർ അനുസരിച്ച് ഇന്ത്യയിലെ വ്യവസായികൾക്ക് സോവിയറ്റ് യൂനിയനിൽ ഫാക്ടറികൾ തുറക്കുക സാദ്ധ്യമാവുമെന്നു കരുതപ്പെടുന്നു. ഇന്ത്യയിലും സോവിയറ്റ് യൂനിയനിലുമായി അമ്പത്തഞ്ച് ഇൻഡോ—സോവിയറ്റ് സംയുക്ത വ്യവസായ സ്ഥാപനങ്ങൾ നിലവിൽ വരുമെന്നാണു പ്രതീക്ഷ. ഇന്ത്യയിലെ തെർമൽ—ഹൈഡ്രോ—ന്യൂക്ലിയർ വൈദ്യുതി പദ്ധതികൾക്കായി അയ്യായിരത്തി മുന്നൂറുകോടി (5300,00,00,000) രൂപ ഉദാരവ്യവസ്ഥകളിൽ കടമായി ഇന്ത്യക്കു നൽകാനും സോവിയറ്റ് യൂനിയൻ സമ്മതിച്ചിട്ടുണ്ട്. സോവിയറ്റ് യൂനിയൻ ഇന്നോളം ഇന്ത്യക്കു് അനുവദിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ വായ്പയാണ് ഇതു്.

ചൈനയുമായി അടുക്കുന്ന തോതിനു് സോവിയറ്റ് യൂനിയൻ ഇന്ത്യയിൽനിന്നു് അകലുകയാണെന്ന ധാരണ പരത്താൻ പലരും ശ്രമിക്കുന്നുണ്ടു്. ഈ ധാരണ തികച്ചും നിരാധാരമാണെന്നു് ഗോർബച്ചേവ് സ്പഷ്ടമായി പ്രസ്താവിച്ചു. ഏഷ്യയിൽ സമാധാനത്തിനു് സോവിയറ്റ് യൂനിയൻ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളുടെ പരസ്പരമൈത്രി എത്രയും അനുപേക്ഷണീയമാണെന്നു് ഗോർബച്ചേവ് ഊന്നിപ്പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെട്ടുവരുന്നതിന്റെ സൂചനകൾ ഇതിനകം ലഭിച്ചുതുടങ്ങിയിട്ടുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്.

അതേസമയം അഫ്ഗാനിസ്ഥാനിലെ നിയമവിധേയ ഭരണകൂടത്തിനെതിരെ പൊരുതുന്ന 'മുജാഹിദുകൾ' എന്നറിയപ്പെടുന്ന കലാപകാരികൾക്കു് അമേരിക്കയും പാകിസ്ഥാനും നൽകിവരുന്ന സഹായം, അഫ്ഗാനിസ്ഥാനിൽനിന്നു് റഷ്യൻ സഹായസേനയെ പിൻവലിക്കുന്നതിനാധാരമായ ജനീവാസന്ധിയുടെ ലംഘനമാണെന്നു് ഗോർബച്ചേവ് തുറന്നുപറഞ്ഞു.

ഗോർബച്ചേവിന്റെ സന്ദർശനത്തിന്റെ അവസാനത്തിൽ, 1988 നവം

ബർ 20–ാം തീയതി സോവിയററ് യൂനിയനും ഇന്ത്യയും ചേർന്ന് ഡില്ലിയിൽ പുറത്തിറക്കിയ സംയുക്ത പ്രസ്താവന വളരെയധികം അന്താരാഷ്ട്രീയ പ്രാധാന്യമുള്ള ഒരു രേഖയാണ്. 1986 നവംബറിലെ ഡില്ലി പ്രഖ്യാപനത്തിൽ അടങ്ങിയ പുതിയ രാഷ്ട്രീയ ചിന്താഗതിക്കും തത്ത്വങ്ങൾക്കും ലോകരാഷ്ട്രങ്ങൾ നൽകിവരുന്ന സ്വീകരണത്തിൽ ഈ പ്രസ്താവന സന്തോഷം രേഖപ്പെടുത്തി. മനുഷ്യവർഗത്തിന്റെ ഭാവിയെപ്പററി സോവിയററ് യൂനിയന്റെയും ഇന്ത്യയുടെയും പൊതുധാരണ ഡില്ലി പ്രഖ്യാപനത്തിൽ അടങ്ങിയിരുന്നു.

അതു പ്രസിദ്ധീകരിച്ചശേഷം ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇടത്തരം അണു–ആയുധങ്ങളുടെ നിയന്ത്രണം സംബന്ധിച്ച കരാറിൽ അമേരിക്കയും സോവിയററ് യൂനിയനും ഒപ്പുവെച്ചു. അഫ്ഘാൻപ്രശ്നം സംബന്ധിച്ച് ജനീവ കരാർ ഉണ്ടായി. ഈറാൻ–ഇറാഖ് യുദ്ധവിരാമം നടപ്പിൽവന്നു. ഏഷ്യയിലെ സംഘർഷങ്ങൾ പരിഹരിക്കപ്പെടുന്നതിലേക്കു നയിക്കുന്ന സംഭവങ്ങളാണ് ഇവയെല്ലാം.

ഇന്നത്തെ ലോകം പരസ്പരാശ്രിതമാണെന്നും അതു മനുഷ്യവർഗത്തിന്റെ മുഴുവൻ തറവാടാണെന്നും, അതിലെ വിഭവങ്ങളിൽ എല്ലാ മനുഷ്യവ്യക്തികൾക്കും സമാവകാശമുണ്ടെന്നും ഇന്ത്യയും സോവിയററ് യൂനിയനും വിശ്വസിക്കുന്നു. അന്താരാഷ്ട്രീയ സുരക്ഷക്കുവേണ്ടി സമ്പൂർണമായ ഒരു ആഗോളപദ്ധതി എല്ലാ രാഷ്ട്രങ്ങളും ചേർന്നു വികസിപ്പിക്കേണ്ടതാണെന്ന് ഈ രണ്ടു രാഷ്ട്രങ്ങളും പുതിയ പ്രഖ്യാപനത്തിൽ ഊന്നിപ്പറയുന്നു. അണു–ആയുധമുക്തവും അക്രമരഹിതവുമായ ഒരു ലോകക്രമം നടപ്പിൽ വരുത്താനായി, നിലവിലുള്ള രാഷ്ട്രീയ സിദ്ധാന്തങ്ങളിലും നയങ്ങളിലും സ്ഥാപനങ്ങളിലും ഒന്നാം ഡില്ലിപ്രഖ്യാപനം അനുസരിച്ചുള്ള മാററങ്ങൾ വരുത്തേണ്ടതുണ്ട് എന്നും സോവിയററ് യൂനിയനും ഇന്ത്യയും വിശ്വസിക്കുന്നു.

അന്താരാഷ്ട്രീയ ബന്ധങ്ങളിൽ നിസ്സൈന്യവല്ക്കരണവും ജനാധിപത്യവല്ക്കരണവും മനുഷ്യത്വവല്ക്കരണവും ആവശ്യമാണെന്നാണ് ഇതിനർത്ഥം. ലോകത്തെ പല സൈനികസഖ്യങ്ങളായി വിഭജിക്കുന്നതിന്റെ ഫലം പരസ്പര സംശയവും ശത്രുതയുമാണ്. സ്വന്തം അതിർത്തികൾക്കു പുറത്ത് ഒരു രാഷ്ട്രത്തിനും സൈനികത്താവളങ്ങൾ ഉണ്ടായിക്കൂടാ.

രാഷ്ട്രങ്ങളുടെയും ജനതകളുടെയും ഇന്നത്തെ മുഖ്യപ്രശ്നം നിരായുധീകരണം, പ്രത്യേകിച്ചും അണു–ആയുധങ്ങൾ ഇല്ലാതാക്കലാണെന്ന് ഇന്ത്യയും സോവിയററ് യൂനിയനും കരുതുന്നു. ഈ രംഗത്തിൽ ഇന്നു കാണുന്ന ഉണർവു ശക്തിപ്പെടുത്തണം; അണു–ആയുധപരീക്ഷണങ്ങൾ ഉടൻ നിരോധിക്കണം. വലിയ അണു–ആയുധങ്ങൾ പകുതിയാക്കി കുറയ്ക്കാനുള്ള ഒരു സന്ധിയിൽ വൻശക്തികൾ ഏർപ്പെടണം. ജനങ്ങളെ കൂട്ടത്തോടെ കൊല്ലുന്ന ആയുധങ്ങൾ പ്രത്യേകിച്ച് അണു–ആയുധങ്ങൾ ഇല്ലെന്ന അവസ്ഥ വരണം. പട്ടാള ആവശ്യത്തിന് ഉപയോഗിക്കാവുന്ന പുതിയ സാങ്കേതികവിദ്യകൾ അന്താരാഷ്ട്രീയ നിയന്ത്രണത്തിൽ കൊണ്ടുവരണം. അണു–ആയുധങ്ങളുടെ ഉപയോഗവും അവ ഉപയോഗിക്കുമെന്ന ഭീഷണിയും തടയാൻ ഒരു അന്താരാഷ്ട്രീയ സന്ധിയുണ്ടാക്കണം. രാസ ആയുധങ്ങൾ പൂർണമായും തടയണം.

രണ്ടായിരാമാണ്ട് ആവുമ്പോഴേക്ക് അണു–ആയുധങ്ങൾ തീരെ ഇല്ലാതാക്കുവാനുള്ള സോവിയററ് യൂനിയന്റെ പരിപാടിയും രണ്ടായിരത്തിപ്പത്താമാണ്ട് ആവുമ്പോഴേക്ക് അണു–ആയുധമുക്തവും അക്രമരഹിതവുമായ ലോകം നിലവിൽവരുത്താനുള്ള ഇന്ത്യയുടെ പരിപാടിയും ലോകസമൂഹത്തിന്റെ മുന്നിലുണ്ട്. നിരായുധീകരണത്തിനും ആരെങ്കിലും അണു–ആയുധങ്ങൾ നിർമിക്കുന്നുണ്ടോ എന്നു പരിശോധിക്കാനും ബഹുരാഷ്ട്ര അടിസ്ഥാനത്തിൽ ഏർപ്പാടുകളുണ്ടാക്കണം.

അഫ്ഘാനിസ്ഥാൻ പ്രശ്നം സംബന്ധിച്ച ജനീവ കരാറ് കർശനമായി നടപ്പിൽവരുത്തണമെന്ന് ഇന്ത്യയും സോവിയററ് യൂനിയനും ആവശ്യപ്പെട

ന്നു. ചില രാഷ്ട്രങ്ങൾ ഈ കരാർ ലംഘിക്കുന്നുണ്ടെന്നതു പരിതാപകരമാണ്. അഫ്ഘാനിസ്ഥാനിൽ രക്തപാതം തുടരുന്നതിൽ ഇന്ത്യക്കും സോവിയററ് യൂനിയനും ആശങ്കയുണ്ട്. അവിടെ ഒരു ദേശീയസമന്വയം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അഫ്ഘാനിസ്ഥാനിലെ വ്യത്യസ്ത കക്ഷികൾ പരസ്പരം സംസാരിച്ച് ഒരു കൂട്ടുഗവണ്മെൻറ് ഉണ്ടാക്കണം. ഇതു സംബന്ധിച്ച് ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ളി തന്നിലേല്പിച്ച ചുമതല ഐക്യരാഷ്ട്ര സെക്രട്ടറിജനറൽ നിറവേററണം. അഫ്ഘാനിസ്ഥാന്റെ പരമാധികാരവും അഖണ്ഡതയും സ്വാതന്ത്ര്യവും ചേരിചേരായ്മയും സംരക്ഷിക്കപ്പെടണം. മററാരും അവിടെ കൈകടത്തരുത്. ഇതിനായി ഐക്യരാഷ്ട്രസംഘടന ഒരു അന്താരാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടുന്നതു് ആവശ്യമായേക്കാം.

പടിഞ്ഞാറെ ഏഷ്യയിൽ ആയുധപ്പന്തയം ശക്തി പ്രാപിക്കുന്നതിൽ ഇന്ത്യക്കും സോവിയററ് യൂനിയനും ആശങ്കയുണ്ട്. ആ പ്രദേശത്തിലെ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു സ്വതന്ത്ര പാലസ്റ്റൈൻരാഷ്ട്രം സ്ഥാപിക്കാൻ പാലസ്റ്റൈൻ നാഷണൽ കൗൺസിൽ എടുത്ത തീരുമാനത്തെ രണ്ടു രാഷ്ട്രങ്ങളും സ്വാഗതംചെയ്യുന്നു. മദ്ധ്യപൂർവദേശത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഐക്യരാഷ്ട്രസംഘടന ഒരു അന്താരാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടണം.

ഐക്യരാഷ്ട്രസംഘടനയുടെ ആഹ്വാനമനുസരിച്ച് ഇറാക്കും ഈറാനും വെടി നിർത്തിയതിൽ ഇന്ത്യയും സോവിയററ് യൂനിയനും സന്തോഷിക്കുന്നു. ഇറാക്കിനും ഈറാനുമിടയിൽ നീതിയുക്തവും ശാശ്വതവുമായ സമാധാനം പുലരുമെന്നു് ആശിക്കുകയുംചെയ്യുന്നു.

കമ്പൂച്ചിയയിൽ മുമ്പത്തെ ജനസംഹാര ഗവണ്മെൻറ് പുനഃസ്ഥാപിക്കപ്പെടാതിരിക്കാനും ആ രാജ്യത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും ചേരിചേരായ്മയും സമാധാനവും ഉറപ്പുവരുത്താനും ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കണമെന്നു് ഇന്ത്യയും സോവിയററ് യൂനിയനും ആവശ്യപ്പെടുന്നു. ഇതിനുവേണ്ടി നടന്ന ശ്രമങ്ങളെ ഈ രാഷ്ട്രങ്ങൾ സ്വാഗതംചെയ്യുന്നു.

ഏഷ്യയിൽ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് തെക്കെകൊറിയയും വടക്കെ കൊറിയയും തമ്മിലുള്ള സംഘർഷം കുറച്ചുകൊണ്ടു വരേണ്ടതാവശ്യമാണ്. കൊറിയൻ ജനതയുടെ മുഴുവൻ താല്പര്യം മുൻനിർത്തിയുള്ള സംഭാഷണങ്ങൾ അവിടെ നടക്കണം.

ഇന്ത്യാസമുദ്രത്തെ സമാധാനമേഖലയാക്കണമെന്നു് 1971—ൽ ഐക്യരാഷ്ട്രസംഘടനചെയ്ത പ്രഖ്യാപനത്തിൽ തങ്ങൾക്കുള്ള കൂറ് ഇന്ത്യയും സോവിയററ് യൂണിയനും ആവർത്തിച്ചുറപ്പിക്കുന്നു ഇന്ത്യാസമുദ്രത്തിലുള്ള വിദേശസൈനികത്താവളങ്ങൾ പൊളിച്ചുകളയണം; പുതിയവ സ്ഥാപിക്കുകയുമരുതു്. ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ളി ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടതുപോലെ, ഇന്ത്യാസമുദ്രത്തെസ്സംബന്ധിച്ച സമ്മേളനം 1990—നു മുമ്പു വിളിച്ചുകൂട്ടണം. ഷാഗോസ് ദ്വീപസമൂഹത്തിലും ദീഗോഗാർഷ്യയിലും മൊറീഷ്യസ്സിന്റെ പരമാധികാരം പുനഃസ്ഥാപിക്കണം.

ഏതു തരത്തിലുള്ള വർഗവാദത്തെയും ഇന്ത്യയും സോവിയററ് യൂനിയനും എതിർക്കുന്നു. തെക്കെ ആഫ്രിക്കയിൽ വെള്ളമേധാവിത്തത്തിനെതിരെ കറുത്തവരുടെ പോരാട്ടത്തെ രണ്ടു രാഷ്ട്രങ്ങളും പിന്താങ്ങുന്നു. നമീബിയയുടെ സ്വാതന്ത്ര്യം സംബന്ധിച്ച് ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററി കൗൺസിലിന്റെ പ്രമേയം നടപ്പിൽ വരുത്തണം. ചേരിചേരാപ്രസ്ഥാനം രൂപവൽക്കരിച്ച ആഫ്രിക്കാ ഫണ്ടിന്റെ പ്രാധാന്യത്തെ ഇന്ത്യയും സോവിയററ് യൂനിയനും അംഗീകരിക്കുന്നു.

മദ്ധ്യ-അമേരിക്കയിലെ എല്ലാ രാഷ്ട്രങ്ങൾക്കും സ്വാതന്ത്ര്യവും പരമാധികാരവും ഉറപ്പുവരുത്തിക്കൊണ്ടു നീതിയുക്തമായ ഒരു രാഷ്ട്രീയ പരിഹാരം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യയും സോവിയററ് യൂനിയനും ഊന്നിപ്പറയുന്നു. പുറമേയുള്ളവർ അവിടെ ഇടപെടരുതു്.

ശരിയായ സാമ്പത്തിക–അടിത്തറയിൽമാത്രമേ ലോകസമാധാനവും സ്ഥിരതയും പടുത്തുയർത്താൻ കഴിയൂ എന്ന് ഇന്ത്യയും സോവിയററ് യൂനിയനും വിശ്വസിക്കുന്നു. ഇതിനായി നീതിനിഷ്ഠമായ ഒരു പുതിയ അന്താരാഷ്ട്രീയ സാമ്പത്തികക്രമം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. രാഷ്ട്രങ്ങൾക്കിടയിൽ വളർന്നുകൊണ്ടിരിക്കുന്ന കടത്തിന്റെ പ്രശ്നവും അന്താരാഷ്ട്രീയ സാമ്പത്തിക നാണയവ്യവസ്ഥകളിൽ ഉണ്ടായിത്തീർന്നിട്ടുള്ള പ്രതിസന്ധിയും പരിഹരിക്കാൻ ഉടൻ നടപടികൾ എടുക്കണം. കാർഷിക–ഉൽപന്നങ്ങളുടെ വിലയിടിവ് പല രാജ്യങ്ങളുടെയും താല്പര്യങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ദരിദ്രരാജ്യങ്ങൾക്കു സാങ്കേതികവിജ്ഞാനം പകർന്നു നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കണം. കൃത്രിമങ്ങളായ വ്യാപാര–പ്രതിബന്ധങ്ങൾ പൊളിച്ചുമാററണം. നിരായുധീകരണത്തിൻ ഫലമായി മിച്ചംവരുന്ന വിഭവങ്ങൾ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം. നിരായുധീകരണവും വികസനവും സംബന്ധിച്ച ഐക്യരാഷ്ട്രസംഘടനാസമ്മേളനത്തിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തണം. പരിസ്ഥിതി സംരക്ഷണത്തിനും പ്രകൃതി വിഭവങ്ങൾ യുക്തിസംഗതമായി ഉപയോഗപ്പെടുത്തുന്നതിനും ഒരു ആഗോളതന്ത്രം ഐക്യരാഷ്ട്രസംഘടനയുടെ സഹായത്തോടെ ആവിഷ്കരിക്കണം.

ലോകത്തിന്റെ ഭാവിയെ സംബന്ധിച്ച ഉത്തരവാദിത്വം വലുതും ചെറുതുമായ എല്ലാ രാഷ്ട്രങ്ങൾക്കുമുണ്ട്. അന്താരാഷ്ട്രീയപ്രശ്നങ്ങൾക്കു സമാധാനപരമായ പരിഹാരം കാണാൻ ഐക്യരാഷ്ട്രസംഘടന കൂടിയേ കഴിയൂ. ഈയിടെയായി ഐക്യരാഷ്ട്രസംഘടനയുടെയും അതിന്റെ ഘടകങ്ങളുടെയും പ്രവത്തനം വർദ്ധിച്ചുവരികയാണെങ്കിൽ ഇന്ത്യയ്ക്കും സോവിയററ്യൂനിയനും സന്തോഷമുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ അധികാരം വർദ്ധിപ്പിക്കുന്നതിനുള്ള യത്നങ്ങളെ ഇന്ത്യയും സോവിയററ് യൂണിയനും പിൻതാങ്ങും. അതേസമയം, മാറിവരുന്ന ലോക യാഥാർത്ഥ്യങ്ങൾക്ക് ഇണങ്ങുമാറ് ഐക്യരാഷ്ട്രസംഘടന സ്വയം വളരണം.

ആധുനിക ലോക രാഷ്ട്രീയത്തിൽ ചേരിചേരാപ്രസ്ഥാനം പ്രധാനമായ ഒരു പങ്കു വഹിക്കുന്നുണ്ട്. സമാധാനം, നിരായുധീകരണം, വികസനം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ചേരിചേരാപ്രസ്ഥാനം നിർമാണാത്മകമായ ഒരു പുരോഗമനശക്തിയാണ്. അന്താരാഷ്ട്രീയ പിരിമുറുക്കങ്ങൾ അയയ്ക്കുന്നതിൽ ഈ പ്രസ്ഥാനം ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്; ഈ സംഭാവന ഇനിയും തുടരുകയുംചെയ്യും.

വിശ്വാസവും ധാരണയും വളർത്തുന്നതിന് രാഷ്ട്രജനതകൾ നേരിട്ട പരസ്പര സമ്പർക്കം പുലർത്തണം. പണ്ഡിതന്മാർ, പത്രപ്രവർത്തകർ, നിയമസഭാംഗങ്ങൾ, രാഷ്ട്രീയപ്രവർത്തകർ മുതലായ ജനപ്രതിനിധികളുടെ വിനിമയം, ടൂറിസം, കച്ചവടം, സാംസ്കാരികോത്സവങ്ങൾ എന്നിവ ഈ സമ്പർക്കം വളർത്താൻ സഹായിക്കുന്നു.

വ്യത്യസ്ത സാമൂഹ്യ–രാഷ്ട്രീയ വ്യവസ്ഥിതികൾ നിലനിൽക്കുന്ന രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള നിർമാണാത്മകമായ സഹകരണത്തിന്റെ മാതൃകയാണ് ഇന്ത്യാ–റഷ്യാ സൌഹാർദം. ദശാബ്ദങ്ങളിലൂടെ അതു വളർന്നു വന്നിരിക്കുന്നു. സമാധാനത്തിനും സൌഹാർദത്തിനും സഹകരണത്തിനുംവേണ്ടിയുള്ള ഇന്ത്യാ–റഷ്യാ ഉടമ്പടി ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ ഒരു നാഴികക്കല്ലാണ്. ഏഷ്യയിലും ലോകത്തിലാകെയും ശാന്തിയും സ്ഥിരതയും വളർത്തുന്നതിന് വിശ്വാസ്യമായ ഒരു ചട്ടക്കൂട് അതു് നൽകുന്നു. ഇരുരാജ്യങ്ങളുടെയും വിദേശനയ–മുൻഗണനകളിൽ ഈ സന്ധിക്ക് അടിസ്ഥാനപരമായ പ്രാധാന്യമുണ്ട്. ഉയർന്ന തലത്തിലുള്ള പരസ്പര സന്ദർശനങ്ങൾ ഈയിടെയായി ഇന്ത്യാ–സോവിയററ് ബന്ധങ്ങൾക്കു പുതിയൊരു ചലനാത്മകത്വം നല്കിയിരിക്കുന്നു. പരസ്പരവിശ്വാസം, ഏറിവരുന്ന സാമ്പത്തിക ശാസ്ത്രീയ–സാങ്കേതിക സഹകരണം, ജനവിഭാഗങ്ങൾ തമ്മിൽ കൂടുതൽ സമ്പർക്കം എന്നിവ

ഇന്ത്യാ–സോവിയററ് ബന്ധങ്ങളുടെ സവിശേഷതകളാണ്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ നാല്പതാം വാർഷികത്തോടും ഒക്ടോബർ വിപ്ലവത്തിന്റെ എഴുപതാം വാർഷികത്തോടും അനുബന്ധിച്ച് ഇന്ത്യ സോവിയററ് യൂനിയനിലും സോവിയററ് യൂനിയൻ ഇന്ത്യയിലും സംഘടിപ്പിച്ച ഉത്സവങ്ങൾ ഇന്ത്യയിലെയും റഷ്യയിലെയും ജനങ്ങൾക്കിടയിൽ സൗഹാർദവും സദ്ഭാവവും പരത്താൻ വളരെയധികം ഉപകരിച്ചിട്ടുണ്ട്.

ഉയർന്ന തലങ്ങളിലുള്ള പരസ്പര സന്ദർശനങ്ങൾ തുടരാനും നിരായുധീകരണം, പ്രാദേശിക സംഘർഷങ്ങളുടെ സമാധാനപരമായ പരിഹാരം, കൂടുതൽ നീതിനിഷ്ഠവും ജനാധിപത്യപരവുമായ ലോകക്രമത്തിന്റെ സ്ഥാപനം മുതലായ ഇന്നത്തെ ലോകത്തിലെ മുഖ്യപ്രശ്നങ്ങൾ സംബന്ധിച്ച് പരസ്പരം കൂടിയാലോചനകളും സഹകരിച്ച പ്രവർത്തനങ്ങളും അധികമാക്കാനും ഇന്ത്യയും സോവിയററ് യൂനിയനും തീരുമാനിക്കുന്നു. സാമ്പത്തികരംഗത്തിൽ, ഇന്ത്യയിലെയും സോവിയററ് യൂനിയനിലെയും സമ്പദ്ഘടനകളുടെ ആധുനികീകരണത്തിൽനിന്ന് ഉത്ഭവിക്കുന്ന അവസരങ്ങളെ പൂർണമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. രണ്ടു രാജ്യങ്ങളും സഹകരിച്ചുണ്ടാക്കുന്ന വ്യവസായ സംരംഭങ്ങളടക്കം പരസ്പരം ഗുണകരമായ സാമ്പത്തിക സഹകരണത്തിന്റെ പുതിയ രൂപങ്ങൾ വികസിപ്പിക്കാൻ, ഇരുരാജ്യങ്ങളിലും ഉയർന്നുവരുന്ന പരസ്പര പൂരകത്വം കണ്ടെത്തുകയും പരമാവധി ഉപയോഗപ്പെടുത്തുകയും വേണം. വ്യാപാരത്തിന്റെ ചട്ടക്കൂട് പുതുക്കണം, വികാസം ത്വരിപ്പിക്കുന്ന പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കണം. 1986 മുതൽ ഇന്ത്യാ–സോവിയററ് വ്യാപാരത്തിൽ വന്നുകൊണ്ടിരിക്കുന്ന ത്വരണം നിലനിർത്തും; രണ്ടായിരാമാണ്ടുവരേയ്ക്ക് സാമ്പത്തിക–വ്യാപാര–ശാസ്ത്രീയ–സാങ്കേതിക രംഗങ്ങളിൽ സഹകരണത്തിനുള്ള ഒരു ദീർഘകാല പദ്ധതി തയ്യാറാക്കുകയും ചെയ്യും.

ആധുനിക സാങ്കേതിക വിജ്ഞാനത്തിന്റെ ഗുണമേന്മയേറിയ ഉൽപന്നങ്ങൾക്കുള്ള ആവശ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി, രണ്ടു രാജ്യങ്ങളിലും വികസിപ്പിച്ച സാങ്കേതികവിദ്യകൾ പരസ്പരം കൈമാറുന്നതും സംയുക്ത ഗവേഷണ–വികസന–പരിപാടികൾ ആരംഭിക്കുന്നതുമാണ്. ഇന്ത്യാ–സോവിയററ് സമാധാന–സൗഹൃദസന്ധിയുടെ ഇരുപതാം വാർഷികവും, ദില്ലിപ്രഖ്യാപനത്തിന്റെ അഞ്ചാംവാർഷികവും ആഘോഷിക്കാനായി സോവിയററ് റിപ്പബ്ലിക്കുകൾ ഇന്ത്യൻ സ്റ്റേററുകളിലും ഇന്ത്യൻ സ്റ്റേററുകൾ സോവിയററ് റിപ്പബ്ലിക്കുകളിലും ഉത്സവങ്ങൾ നടത്തും; ശാസ്ത്രീയചർച്ചകളും പൊതുസമ്മേളനങ്ങളും സംഘടിപ്പിക്കുകയും ചെയ്യും.

എല്ലാ രംഗങ്ങളിലും തങ്ങളുടെ ബന്ധങ്ങൾ സുദൃഢങ്ങളും അഗാധതരങ്ങളുമാക്കാൻ ഇന്ത്യയും സോവിയററ് യൂനിയനും ഉറച്ചിരിക്കുന്നു. ഈ ബന്ധങ്ങൾ ഇരുരാജ്യങ്ങളിലെയും ജനങ്ങൾക്ക് ഗുണകരമാണ്; സമാധാനവും സുരക്ഷയും ഏഷ്യയിലും ലോകത്തിലാകെത്തന്നെയും വികസനവും ശക്തിപ്പെടുത്തുന്ന ഒരു മുഖ്യഘടകവുമാണ്.

ഇന്ത്യാ–സോവിയററ് യൂനിയൻ സംയുക്തപ്രഖ്യാപനത്തിന്റെ ഒരു സംക്ഷേപമാണ് മേൽ ചേർത്തത്. ഇതിൽനിന്ന് ഇന്ത്യാ–സോവിയററ് ബന്ധങ്ങളിൽ വ്യാപകമായ വികസനത്തിന് രണ്ടു രാജ്യങ്ങളും തയ്യാറെടുക്കുന്നതായി കാണാവുന്നതാണ്. ഉൽപന്നങ്ങൾ പരസ്പരം കൈമാറുകയെന്നതിനുപുറമേ, രണ്ടു രാജ്യങ്ങളും സംയുക്തമായി വ്യവസായങ്ങൾ സ്ഥാപിക്കാനും സാങ്കേതികവിദ്യ കൈമാറാനും ഒരു രാജ്യത്തിന്റെ ആവശ്യങ്ങൾ മറേറ രാജ്യം പൂർത്തീകരിക്കാനും ഉള്ള സാദ്ധ്യതകൾ ഈ സംയുക്തപ്രഖ്യാപനത്തിലൂടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഈ സാദ്ധ്യതകൾ യാഥാർത്ഥ്യങ്ങളായിവരുമ്പോൾ, ഇന്ത്യക്കാർ സോവിയററ് യൂനിയനിലും സോവിയററ് പൗരന്മാർ ഇന്ത്യയിലും കൂടുതലായി ജോലിചെയ്തുതുടങ്ങും. ഇന്ത്യൻ നിർമിത

വസ്തുക്കൾ സോവിയററ് കമ്പോളത്തിലും സോവിയററ് നിർമിതവസ്തുക്കൾ ഇന്ത്യൻ കമ്പോളത്തിലും കൂടുതലായി വിററഴിയും. ഇരുജനതകളും തമ്മിലുള്ള സമ്പർക്കം ഗാഢതരമാവുകയുംചെയ്യും.

ഇന്ത്യയോടെന്നപോലെ, അമേരിക്ക, പടിഞ്ഞാറെ യൂറോപ്പ്, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളോടും കൂടുതൽ നിർമാണാത്മകമായ ബന്ധം പുലർത്താനാണ് സോവിയററ് യൂണിയൻ ഇപ്പോൾ ശ്രമിക്കുന്നത്. ഇതിൻഫലമായി ഇൻഡോ—സോവിയററ് ബന്ധങ്ങളിൽ ശൈഥില്യമുണ്ടാകുന്നില്ല എന്ന് ഈ സംയുക്തപ്രഖ്യാപനം വ്യക്തമാക്കുന്നു. പ്രഖ്യാപനത്തിൽ ഉന്നയിച്ച ആശയങ്ങൾക്ക മൂർത്തരൂപം നൽകുന്നതിന് ഒട്ടേറെ പ്രവർത്തനം ഇനിയങ്ങോട്ടു നടക്കാനുണ്ട്.

ഈ ഇന്ത്യാ—സോവിയററ് സംയുക്തപ്രഖ്യാപനം സൂക്ഷ്മമായ പഠനവും വിശദമായ ചർച്ചയും അർഹിക്കുന്ന ഒരു രേഖയാണ്. അതിന്റെ പ്രാധാന്യത്തെ നാം പൂർണമായും ഉൾക്കൊള്ളുകയും അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ലക്ഷ്യങ്ങളിലേക്ക നമ്മുടെ പ്രയാണത്തെ ത്വരിപ്പിക്കുന്നതിന് സംഘടിതമായി ജനകീയതലത്തിലും സർക്കാർ തലത്തിലും ശ്രമിക്കുകയും വേണം.

(25 നവംബർ, 1988)

# 7. ചൈന

കാണെക്കാണെ ലോക കമ്യൂണിസ്റ്റ് ആശയസംഹിതയിലും പ്രവർത്തനശൈലിയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ മനസ്സിലാക്കുവാൻ നാം സോവിയററ് യൂനിയനോടൊപ്പം ജനകീയ ചൈനയെയും ഉററുനോക്കേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ തൊട്ടയൽപക്കവും പല രംഗങ്ങളിലും എതിരാളിയുമെന്ന നിലയിലും ചൈന നമ്മുടെ നിരന്തരപഠനം അർഹിക്കുന്നു. ചൈനയ്ക്കും ഇന്ത്യയ്ക്കും ഇടയിൽ ഇനിയും പരിഹരിക്കപ്പെടാത്തതും ഒരിക്കൽ യുദ്ധത്തോളം എത്തിയതുമായ ഒരു നീണ്ട അതിർത്തിത്തർക്കം നിലവിലുണ്ടെന്ന വസ്തുതയും നാം മറന്നുകൂടാ.

പക്ഷേ, ചൈനയിൽനിന്നു നന്നെ കുറച്ചു വാർത്തകളേ നമുക്ക ലഭിക്കുന്നുള്ളു. ലഭിക്കുന്ന വർത്തകൾതന്നെ ശരിയായ പശ്ചാത്തലത്തിൽ പഠിക്കപ്പെടുന്നുമില്ല.

ചൈനയുടെ പാർലമെൻറ് ആയ നാഷണൽ പീപ്പിൾസ് കോൺഗ്രസ് 1988 മാർച്ച് 21—ാം തീയതി സമ്മേളിക്കുകയുണ്ടായി. ഇതിനുമുമ്പ്, 1987 ഒക്ടോബറിൽ സമ്മേളിച്ച ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ പതിമൂന്നാം സമ്മേളനം (കോൺഗ്രസ്), ചൈനയെ സാമ്പത്തികമായി പുരോഗമിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ചിരുന്നു. സോഷ്യലിസം സ്ഥാപിച്ചു കഴിഞ്ഞിരിക്കയാൽ, ചൈനയുടെ അടുത്ത ലക്ഷ്യം ദാരിദ്ര്യനിവാരണമാണെന്ന് പാർട്ടികോൺഗ്രസ്സിനുമുമ്പ് പാർട്ടി സെക്രട്ടറി സാവോസിയാങ് പ്രസ്താവിച്ചിരുന്നു.

## അന്താരാഷ്ട്രീയരംഗം

ചൈനയിലെ ആക്ടിംഗ് പ്രധാനമന്ത്രിയായിരുന്ന ലിപെങ് (പിന്നീട് ഇദ്ദേഹം പ്രധാനമന്ത്രിപദത്തിൽ സ്ഥിരപ്പെടുത്തപ്പെട്ടു) നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിൽ അവതരിപ്പിച്ച അറുപത്തേഴ പേജുള്ള റിപ്പോർട്ടിൽ അമ്പ